**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 409** | **20-03-2025 - ൽ മറുപടിയ്ക്ക്**

**ലഹരിമുക്ത വിദ്യാലയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സമ്പൂർണ സാക്ഷരതയുടെ മാതൃകയിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സമ്പൂർണ ലഹരിമുക്ത വിദ്യാലയങ്ങളാക്കാൻ പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ലഹരി ഉപയോഗം വ്യാപകമല്ല. എന്നിരുന്നാലും കുട്ടികൾക്ക് ഈ സാമൂഹ്യ വിപത്തിനെതിരായുള്ള ബോധ നത്തിനും കർമ്മ പദ്ധതികൾക്കും പൊതുവിദ്യാഭ്യാസ വകുപ്പ് ഊന്നൽ നൽകുന്നുണ്ട്. അധ്യാപകരിലൂടെ കുട്ടികൾക്ക് ബോധനം നൽകുന്നതിനായി അവധിക്കാല അധ്യാപക പരിശീലനത്തിൽ ഈ വിഷയം കൂടി ഉൾപ്പെടുത്തി പരിശീലനം നൽകിയിരുന്നു. ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ തയ്യാറാക്കിയ ആരോഗ്യ ജീവിത നൈപുണി വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട പാഠ പുസ്തകങ്ങളിലും (ഉല്ലാസ പറവകൾ) ഈ വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>2024-25 അക്കാദമിക വർഷത്തിൽ പരിഷ്കരിച്ച പാഠപുസ്തകങ്ങളിൽ അടിസ്ഥാന ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, മലയാളം, ഉറുദു, അറബി എന്നീ വിഷയങ്ങളിൽ അപ്പർ പ്രൈമറി, ഹൈസ്കൂൾ തലങ്ങളിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2025-26 അക്കാദമിക വർഷം പരിഷ്കരിക്കുന്ന വിവിധ വിഷയങ്ങളിലെ പാഠപുസ്തകങ്ങളിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തുന്നുണ്ട്. പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ടാം ഘട്ടത്തിൽ അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗത്തിലെ ക്ലാസുകളിലെ പുതുക്കിയ പാഠപുസ്തകങ്ങളിലും ലഹരിയ്ക്കും മയക്കു മരുന്നിനും എതിരായിട്ടുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ലഹരി ഉപയോഗം കണ്ടെത്തുക, അറിയിക്കുക, പരിഹാര മാർഗങ്ങൾ നിശ്ചയിക്കുക എന്നിങ്ങനെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി Standard Operating Procedure (SOP) തയ്യാറാ |

| | | | |
|---|---|---|---|
| | | | ക്കിയിട്ടുണ്ട്. ആയതിൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് പ്രൈമറി, സെക്കണ്ടറി തലത്തിലെ എല്ലാ അധ്യാപകർക്കും കൃത്യമായ ധാരണ അധ്യാപക പരിശീലനത്തിൽ നൽകിയിട്ടുണ്ട്.<br><br>ലഹരിക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും, കുട്ടികളെ നിരീക്ഷിക്കുന്നതിനും വേണ്ടി എക്സൈസ് വകുപ്പുമായി ചേർന്ന് സ്കൂളിൽ prahari club/Children's Club/ anti narcotic club രൂപീകരിക്കുകയും, ബോധവൽക്കരണ പരിപാടികൾ നടത്തി വരുകയും ചെയ്യുന്നു.<br><br>തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ജാഗ്രത ബ്രിഗേഡ് എന്ന രീതിയിൽ മുപ്പത് മുതൽ അമ്പത് കുട്ടികളുടെ ഗ്രൂപ്പ് രൂപപ്പെടുത്തുകയും അവരിലൂടെ വിദ്യാലയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നു. കലാ- കായിക. ദന്ത സംരക്ഷണം ഉൾപ്പെടെയുള്ള ആരോഗ്യ പരിപാടികൾ, വ്യക്തിത്വ വികസന പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു.<br><br>തെളിവാനം വരയ്ക്കുന്നവർ എന്ന പുസ്തകം എക്സൈസ് വകുപ്പുമായി ചേർന്ന് തയ്യാറാക്കുകയും, ആയതിൽ ലഹരിക്കെതിരെ കുട്ടികളുടെ മനോഭാവം വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പ് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കുട്ടികൾക്കായി കരുതൽ, കവചം എന്നീ പുസ്തകങ്ങളും തയ്യാറാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളിലും ജൂൺ 26 ന് ലഹരി വിരുദ്ധ പാർലമെന്റ്, ശിശു ദിനത്തിൽ പ്രത്യേക അസംബ്ലി, ഒക്ടോബർ 2 ന് സംവാദ സദസ്സ്, ജനുവരി 30 ന ക്ലാസ് സഭഎന്നിവ നടത്തിയിട്ടുണ്ട്.<br><br>ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് കുട്ടികളിൽ അവഗാഹം ഉണ്ടാക്കേണ്ടതും കുട്ടികൾക്ക് ലഹരികൾ ലഭിക്കുന്ന വഴികൾ തടയേണ്ടതും ഈകാലഘട്ടത്തിലെ അടിയന്തിര ആവശ്യമായി മാറിയിട്ടുണ്ട്. ഈ വിഷയം ഗൗരവമായി കണക്കിലെടുത്തു വിദ്യാഭ്യാസ വകുപ്പ് കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. |
| (ബി) | കലാ, കായിക, സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രോത്സാഹനം നൽകി പ്രസ്തുത ലക്ഷ്യം സാക്ഷാത്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്യാംപെയിനിൽ, വിദ്യാർത്ഥിക ൾക്കിടയിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗവും ആസക്തിയും തടയാൻ ലക്ഷ്യമിട്ടുള്ള വിവിധ പ്രവർത്തന പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു. ലഹരി ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ മാനസികാരോഗ്യം മെച്ച പ്പെടുത്തുന്നതിന് പൊതു |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കന്ററി വിഭാഗമുൾപ്പെടെ ലഹരി വസ്തുക്കൾക്കെതിരെയുള്ള ബോധ വത്കരണം, സമൂഹത്തെ ശാക്തീകരിക്കൽ, ആരോഗ്യകരമായ ജീവിതശൈലി പ്രോൽസാ ഹിപ്പിക്കുന്നതിനുള്ള പിന്തുണ സംവിധാനങ്ങൾ എന്നിവയാണ് ഇതിൽ പ്രധാനമായും ഉൾപ്പെട്ട ത്തിയിട്ടുള്ളത്.<br><br>സ്കൂൾ തലത്തിൽ നടത്തേണ്ട ജാഗ്രതാ പ്രവർത്തനങ്ങൾ, ജനജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ എല്ലാ വിദ്യാലയങ്ങൾക്കും നൽകിയിരുന്നു. ലഹരിവിരുദ്ധ ബോധവൽക്കരണത്തോടൊപ്പം കുട്ടികളെ ഇതിൽ നിന്ന് പിൻതിരിപ്പിക്കുന്നതിന് അധ്യാപകരെ ശക്തരാക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>ലഹരിക്കെതിരെ ബോധ വൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും, കുട്ടികളെ നിരീക്ഷിക്കുന്നതിനും വേണ്ടി എക്സൈസ് വകുപ്പുമായി ചേർന്ന് സ്കൂളിൽ prahari club/Children's Club/ anti narcotic club രൂപീകരിക്കുകയും, കല കായിക പരിപാടികൾ സംഘടിപ്പിക്കുന്നുമുണ്ട്. ലഹരി വിരുദ്ധ സദസ്സ്, ആന്റി ഡ്രഗ് പാർലമെന്റ്, സ്കൂൾ പ്രത്യേക അസംബ്ലി എന്നിവ ഇതിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്. എക്സൈസ് വകുപ്പുമായി ചേർന്ന് ഉണർവ്, ടീം വിമുക്തി എന്നീ പദ്ധതികളിലൂടെ സ്പോർട്സ് ടീമിനെ സജീകരിച്ചിട്ടുണ്ട്<br><br>തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ജാഗ്രത ബ്രിഗേഡ് എന്ന രീതിയിൽ മുപ്പത് മുതൽ അമ്പത് വരെ കുട്ടികളുടെ ഗ്രൂപ്പ് രൂപപ്പെടുത്തുകയും അവരിലൂടെ വിദ്യാലയ പ്രവർത്തനങ്ങൾ ഏകോപി പ്പിക്കുകയും ചെയ്യുന്നു. കലാ- കായിക, ദന്ത സംരക്ഷണം ഉൾപ്പെടെയുള്ള ആരോഗ്യ പരിപാടികൾ, വ്യക്തിത്വ വികസന പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു. സെമിനാറുകൾ, മാഗസിൻ തയ്യാറാക്കൽ, പ്രസംഗ മത്സരങ്ങൾ, ഹ്രസ്വ സിനിമ പ്രദർശനങ്ങൾ തുടങ്ങിയ കലാ പ്രവർത്തനങ്ങൾ ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ